ഉത്തരം

(എ) ലഭ്യമായ കണക്കുപ്രകാരം 31-3-2002 വരെ സംസ്ഥാനത്ത് 13,504 കോടി രൂപയുടെ കേന്ദ്രനിക്ഷേപം ഉണ്ട്.

(ബി) ഉണ്ട്. സംസ്ഥാനത്തുള്ള എൻ. ടി. സി. തുണിമില്ലുകളുടെ നവീകരണത്തിനായി നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷന്റെ പരിഗണനയിലുള്ള 6,760 ലക്ഷം രൂപയുടെ നവീകരണ പദ്ധതി സമർപ്പിച്ചിട്ടുണ്ട്.

മലബാർ സിമന്റ്സിലെ വർക്ക് സ്റ്റഡി

14 [2141] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പൊതുമേഖലാ സ്ഥാപനമായ മലബാർ സിമന്റ്സിൽ വർക്ക് സ്റ്റഡി നടത്തിയിട്ടുണ്ടോ; എങ്കിൽ ഏത് ഏജൻസി എന്നറിയിക്കാമോ; പ്രസ്തുത ഏജൻസിക്ക് നൽകിയ കമ്മീഷൻ എത്ര;

(ബി) വർക്ക് സ്റ്റഡി റിപ്പോർട്ട് പ്രകാരം വാളയാറിൽ എത്ര ഹെൽപ്പർ/മസ്ദൂർമാരെ ആവശ്യമാണ്;

(സി) ഇപ്പോൾ എത്ര ഹെൽപ്പർ/മസ്ദൂർമാർ ജോലി നോക്കുന്നു;

(ഡി) ഇനിയെത്ര ഹെൽപ്പർ/മസ്ദൂർമാരെക്കൂടി എടുക്കുവാനാണ് മാനേജ്മെന്റ് ആലോചിക്കുന്നത്;

(ഇ) മലബാർ സിമന്റ്സിന്റെ ചേർത്തല ഗ്രൈന്റിംഗ് യൂണിറ്റിൽ എത്ര ഹെൽപ്പർ/മസ്ദൂർമാർ ജോലി ചെയ്യുന്നു;

(എഫ്) ഇനിയെത്രപേരെ പ്രസ്തുത യൂണിറ്റിൽ നിയമിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ജി) ഇത്തരം നിയമനങ്ങളിൽ മലബാർ സിമന്റ്സിലെ ഒരു കോൺട്രാക്ടർ ഉദ്യോഗാർത്ഥികളിൽനിന്നും കൈക്കൂലി വാങ്ങുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എച്ച്) പൊതുമേഖലാ സ്ഥാപനങ്ങളുടെ നിയമനം നടത്തുന്നത് പി. എസ്. സി.-ക്ക് ആണെന്നിരിക്കെ മാനേജ്മെന്റ് നടത്തുന്ന നിയമനത്തിനെതിരെ എന്ത് നടപടിയാണ് സർക്കാർ സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 1989-90 കാലയളവിൽ വർക്ക് സ്റ്റഡി നടത്തിയിട്ടുണ്ട്. കളമശ്ശേരി ആസ്ഥാനമായുള്ള കേരള സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസിലാണ് വർക്ക് സ്റ്റഡി നടത്തിയത്. ഇതിനായി കമ്മീഷൻ ഒന്നും നൽകിയില്ല. പഠനം നടത്തിയതിന് ഫീസായി 1,21,500 രൂപ നൽകിയിട്ടുണ്ട്.

(ബി) വർക്ക് സ്റ്റഡി റിപ്പോർട്ട് പ്രകാരം വാളയാർ യൂണിറ്റിൽ നിലവിലുണ്ടായിരുന്ന 261 മസ്ദൂർ തസ്തികകൾ 210 ആയി കുറയ്ക്കണമെന്നായിരുന്നു ശുപാർശ. എന്നാൽ തൊഴിലാളി യൂണിനുകളുടെ എതിർപ്പിനെതുടർന്ന് ഈ ശുപാർശ

LIBRARY ARCHIVES Kerala Legislative Assembly

നടപ്പാക്കാനായില്ല. ഇപ്പോൾ മസ്ദൂർ/ഹെൽപ്പർമാരുടെ സ്ട്രെംഗ്ത് 249 ആണ്. നിലവിലുള്ള 42 ഒഴിവുകളും ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്ന ചെയിൻ പ്രൊമോഷന്റെ ഫലമായുള്ള 66 ഒഴിവുകളും ചേർത്താണ് 108 പേരെ നിയമിക്കാൻ ഉദ്ദേശിക്കുന്നത്.

(സി) 183 ഹെൽപ്പർമാർ/മസ്ദൂർമാർ ജോലി നോക്കുന്നു.

(ഡി) 108 മസ്ദൂർമാരെ. എന്നാൽ നിയമന നടപടികൾ നിറുത്തിവച്ചിരിക്കുകയാണ്.

(ഇ) 24 ഹെൽപ്പർമാർ/മസ്ദൂർമാർ ഇവിടെ ജോലി ചെയ്യുന്നുണ്ട്.

(എഫ്) ആരേയും നിയമിക്കാൻ ഉദ്ദേശിക്കുന്നില്ല.

(ജി) ഇല്ല.

(എച്ച്) പി. എസ്. സി.-യുടെ പരിധിയിൽ വരുന്ന തസ്തികകളിലൊന്നും കമ്പനി നേരിട്ടു നിയമനം നടത്തുന്നില്ല.

മലബാർ സിമന്റ്സിന്റെ ലാഭം

15 [2142] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996 മുതൽ 2001 വരെയുള്ള 5 വർഷക്കാലയളവിനുള്ളിൽ മലബാർ സിമന്റ്സിന്റെ ലാഭം എത്ര കോടിയാണ്;

(ബി) 2001-2002, 2002-2003, 2003-2004 എന്നീ വർഷങ്ങളിൽ മലബാർ സിമന്റ്സിന്റെ ലാഭം/നഷ്ടം എത്ര;

(സി) മലബാർ സിമന്റ്സിലെ വാളയാർ യൂണിറ്റിൽ ഒരു ടൺ സിമന്റ് ലോഡ് ചെയ്യുന്നതിന് കരാർ എത്ര രൂപയാണ്;

(ഡി) ഇതേ ജോലി ചേർത്തല യൂണിറ്റിൽ എത്ര രൂപയ്ക്കാണ് കോൺട്രാക്ട് കൊടുത്തിരിക്കുന്നത്;

(ഇ) പ്രസ്തുത രണ്ട് യൂണിറ്റിലേയും കോൺട്രാക്ട് ഒരേ കോൺട്രാക്ടർക്കാണോ നൽകിയിരിക്കുന്നത്;

(എഫ്) എങ്കിൽ കോൺട്രാക്ടറുടെ പേര് വെളിപ്പെടുത്തുമോ;

(ജി) മലബാർ സിമന്റ്സിന്റെ ചേർത്തല ഗ്രൈന്റിംഗ് യൂണിറ്റിലെ സിമന്റ് ലോഡിംഗ് കോൺട്രാക്ടിൽ അഴിമതി നടന്നിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എച്ച്) എങ്കിൽ എന്തു നടപടി സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്;

(ഐ) നഷ്ടം ഉണ്ടാക്കുന്ന മലബാർ സിമന്റ്സിനെ രക്ഷിക്കുവാൻ സർക്കാർ എന്തു നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly